വോട്ടെണ്ണലിന് രണ്ടു ദിവസം മാത്രം; എണ്ണുന്നത് 20 കേന്ദ്രങ്ങളിൽ

തിരുവനന്തപുരം: ലോക്സഭാ തെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണലിന് ഇനി രണ്ടു ദിവസം മാത്രം ശേഷിക്കേ സംസ്ഥാനത്തെ 20 കേന്ദ്രങ്ങളും സജ്ജമായി. ചൊവ്വാഴ്ച രാവിലെ എട്ടിന് ആദ്യം എണ്ണിത്തുടങ്ങുന്നത് തപാൽ ബാലറ്റുകളാണ്. തപാൽ വോട്ട് എണ്ണിത്തുടങ്ങി അരമണിക്കൂറിന് ശേഷമാണ് വോട്ടിംഗ് യന്ത്രത്തിലെ വോട്ടുകൾ എണ്ണിത്തുടങ്ങുകയെന്ന് മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ സഞ്ജയ് കൗൾ അറിയിച്ചു.

കൗണ്ടിംഗ് സൂപ്പർവൈസർമാർ, കൗണ്ടിംഗ് അസിസ്റ്റന്റുമാർ, മൈക്രോ ഒബ്സർവർമാർ, തെരഞ്ഞെടുപ്പ് കമ്മീഷൻ പ്രതിനിധികൾ, നിരീക്ഷകർ, തെരഞ്ഞെടുപ്പ് ഡ്യൂട്ടിയിലുള്ള സർക്കാർ ഉദ്യോഗസ്ഥർ, സ്ഥാനാർഥികൾ തെരഞ്ഞെടുപ്പ് ഏജന്റുമാർ എന്നിവർക്ക് മാത്രമാണ് വോട്ടെണ്ണൽ ഹാളിലേക്ക് പ്രവേശനം. കൗണ്ടിംഗ് ഏജന്റുമാർക്ക് സ്ഥാനാർഥിയുടെ പേരും നിർദിഷ്ട ടേബിൾ നമ്പറും വ്യക്തമാക്കുന്ന ബാഡ്ജ് റിട്ടേണിംഗ് ഓഫീസർ നൽകും. വോട്ടെണ്ണൽ മുറിക്കുള്ളിൽ തെരഞ്ഞെടുപ്പ് കമ്മീഷൻ നിരീക്ഷകനൊഴികെയുള്ളവർക്ക് മൊബൈൽ ഫോൺ ഉപയോഗിക്കാനാകില്ല.

ഓരോ അസംബ്ലി മണ്ഡലത്തിലെയും വോട്ട് എണ്ണാൻ ഓരോ ഹാൾ ഉണ്ടാകും. ഓരോ ഹാളിലും പരമാവധി 14 മേശകളുണ്ട്. ഓരോ മേശയ്ക്കും ഒരു കൗണ്ടിംഗ് സൂപ്പർവൈസർ ഉണ്ടാവും. ഇത് ഗസറ്റഡ് റാങ്കുള്ള ഓഫീസറായിരിക്കും. കൗണ്ടിംഗ് അസിസ്റ്റന്റ്, മൈക്രോ ഒബ്സർവർ എന്നിവരും വോട്ടെണ്ണൽ മേശയ്ക്കു ചുറ്റുമുണ്ടാവും. വോട്ടെണ്ണലിന്റെ സുതാര്യത ഉറപ്പുവരുത്തുകയാണ് മൈക്രോ ഒബ്സർവറുടെ ഡ്യൂട്ടി.

നിയമസഭാ മണ്ഡലം അനുസരിച്ച് ജീവനക്കാരെ നിയോഗിക്കും. വോട്ടെണ്ണൽ ദിനം പുലർച്ചെ അഞ്ചിന് നടക്കുന്ന മൂന്നാംഘട്ട റാൻഡമൈസേഷനിലാണ് വോട്ടെണ്ണൽ മേശയുടെ വിശദാംശങ്ങൾ ജീവനക്കാർക്ക് ലഭ്യമാക്കുക.

വോട്ടെണ്ണൽ തുടങ്ങുന്ന സമയമാകുമ്പോൾ സ്ട്രോംഗ് റൂമുകൾ തുറക്കും. റിട്ടേണിംഗ് ഓഫീസർ, അസിസ്റ്റന്റ് റിട്ടേണിംഗ് ഓഫീസർ, സ്ഥാനാർഥികൾ തെരഞ്ഞെടുപ്പ് ഏജന്റുമാർ, കമ്മീഷൻ നിരീക്ഷകർ എന്നിവരുടെ സാന്നിധ്യത്തിലാണ് സ്ട്രോംഗ് റൂം തുറക്കുക. ലോഗ് ബുക്കിൽ എൻട്രി രേഖപ്പെടുത്തിയശേഷം വീഡിയോ കവറേജോടെയാണ് ലോക്ക് തുറക്കുക.

തപാൽ ബാലറ്റുകൾ റിട്ടേണിംഗ് ഓഫീസറുടെ മേശപ്പുറത്താകും എണ്ണുക. 8.30മുതൽ വോട്ടിംഗ് മെഷീനുകളിലെ വോട്ടുകൾ എണ്ണിത്തുടങ്ങും.

വോട്ടിംഗ് യന്ത്രത്തിന്റെ കൺട്രോൾ യൂണിറ്റാണ് വോട്ടെണ്ണലിന് ഉപയോഗിക്കുക. പോൾ ചെയ്ത വോട്ടുകളുടെ എണ്ണം രേഖപ്പെടുത്തിയ ഫോം 17 സിയും അതത് കൺട്രോൾ യൂണിറ്റുമാണ് വോട്ടെണ്ണൽ മേശപ്പുറത്ത് വയ്ക്കുക. കൗണ്ടിംഗ് ടേബിളിൽ കൺട്രോൾ യൂണിറ്റ് എത്തിച്ച ശേഷം കൗണ്ടിംഗ് ഏജന്റുമാരുടെ സാന്നിധ്യത്തിൽ സൂപ്പർവൈസർ വോട്ടിംഗ് യന്ത്രം പരിശോധിച്ച് കേടുപാട് സംഭവിച്ചിട്ടില്ലെന്ന് ഉറപ്പാക്കിയ ശേഷം സീൽപൊട്ടിക്കും. തുടർന്ന് ഏജന്റുമാരുടെ നിരീക്ഷണത്തിൽ ഓരോ യന്ത്രത്തിലെയും റിസൽട്ട് ബട്ടണിൽ സൂപ്പർവൈസർ വിരൽ അമർത്തി ഓരോ സ്ഥാനാർഥിക്കും ലഭിച്ച വോട്ട് ഡിസ്പ്ലേ ഏജന്റുമാരെ കാണിച്ച ശേഷം രേഖപ്പെടുത്തും. ഓരോ റൗണ്ടിലും എല്ലാ വോട്ടിംഗ് മെഷീനുകളും എണ്ണിത്തീർന്ന ശേഷം തെരഞ്ഞെടുപ്പ് കമ്മീഷന്റെ നിരീക്ഷകൻ അതിൽ നിന്നും ഏതെങ്കിലും രണ്ടു മെഷീൻ എടുത്ത് അതിലെ കൗണ്ട് രേഖപ്പെടുത്തിയിരിക്കുന്നത് ശരിയാണെന്ന് ഉറപ്പു വരുത്തും. അത് കഴിഞ്ഞാൽ ആ റൗണ്ടിന്റെ ടാബുലേഷൻ നടത്തി ആ റൗണ്ടിന്റെ റിസൾട്ട് റിട്ടേണിംഗ് ഓഫീസർ പ്രഖ്യാപിക്കും.

എല്ലാ റൗണ്ടിലെയും വോട്ടിംഗ് മെഷീനുകളിലെ വോട്ടെണ്ണൽ പൂർത്തിയാക്കിയ ശേഷം മാത്രമേ വിവിപാറ്റ് സ്ലിപ്പുകളുടെ വെരിഫിക്കേഷൻ നടത്തൂ. എല്ലാ നിയമസഭാ മണ്ഡലങ്ങളിലെയും റാൻഡമായി തെരഞ്ഞെടുത്ത അഞ്ചു പോളിംഗ് സ്റ്റേഷനിലെ വിവിപാറ്റ് സ്ലിപ്പുകൾ എണ്ണുമെന്നാണ് കണക്ക്. ഒരു വിവിപാറ്റ് മെഷീനിലെ സ്ലിപ്പുകൾ എണ്ണിത്തീരാൻ ഒരു മണിക്കൂറെങ്കിലും എടുക്കും. ഇതിന് ശേഷമാവും അന്തിമവിധി പ്രഖ്യാപനം.

വോട്ടെണ്ണൽ ദിനം ഡ്രൈ ഡേ

തിരുവനന്തപുരം: വോട്ടെണ്ണൽ ദിനം ഡ്രൈ ഡേ ആയിരിക്കുമെന്നു തെരഞ്ഞെടുപ്പു കമ്മീഷൻ അറിയിച്ചു. മദ്യമോ മറ്റ് ലഹരി പദാർഥങ്ങളോ വിൽക്കാനോ വിതരണം ചെയ്യാനോ പാടില്ല.

വോട്ടെണ്ണൽ കേന്ദ്രങ്ങളും മണ്ഡലങ്ങളും:

- തിരുവനന്തപുരം മാർഇവാനിയോസ് കോളജ്- തിരുവനന്തപുരം, ആറ്റിങ്ങൽ.
- തങ്കശേരി സെന്റ് അലോഷ്യസ് എച്ച്എസ്എസ്-കൊല്ലം.
- ചെന്നീർക്കര കേന്ദ്രീയവിദ്യാലയം- പത്തനംതിട്ട.
- മാവേലിക്കര ബിഷപ്പ് മൂർ കോളജ്-മാവേലിക്കര.
- ആലപ്പുഴ സെന്റ് ജോസഫ് കോളജ്, സെന്റ് ജോസഫ് എച്ച്എസ്എസ്- ആലപ്പുഴ.
- ഗവ. കോളജ് നാട്ടകം-കോട്ടയം.
- പൈനാവ് ഏകലവ്യ മോഡൽ റസിഡൻഷ്യൽ സ്കൂൾ-ഇടുക്കി.
- കളമശേരി കൊച്ചിൻ യൂണിവേഴ്സിറ്റി, തൃക്കാക്കര സെന്റ് ജോസഫ് എച്ച്എസ്എസ്-എറണാകുളം.
- ആലുവ യുസി കോളജ്-ചാലക്കുടി.
- തൃശൂർ ഗവ. എൻജിനീയറിംഗ് കോളജ്-തൃശൂർ.
- പാലക്കാട് ഗവ. വിക്ടോറിയ കോളജ്-ആലത്തൂർ, പാലക്കാട്.
- തെക്കുമുറി എസ്എസ്എം പോളിടെക്നിക്- പൊന്നാനി.
- ഗവ.കോളജ് മുണ്ടുപറമ്പ്-മലപ്പുറം.
- വെള്ളിമാടുകുന്ന് ജെഡിറ്റി ഇസ്ലാം കോപ്ലക്സ്- കോഴിക്കോട്, വടകര.
- മുട്ടിൽ ഡബ്ല്യുഎംഒ കോളജ്-വയനാട്.
- കൊരങ്ങാട് അൽഫോൺസ് സീനിയർ ഹയർസെക്കൻഡറി സ്കൂൾ-വയനാട്,
- ചുങ്കത്തറ മാർത്തോമ കോളജ് -വയനാട്,
- ചുങ്കത്തറ മാർത്തോമ എച്ച്എസ്എസ്-വയനാട്.
- ചാല ഗോവിന്ദഗിരി ചിന്മയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി-കണ്ണൂർ.
- പെരിയ കേരളസെൻട്രൽ യൂണിവേഴ്സിറ്റി- കാസർഗോഡ്.

ലോക്സഭാ തെരഞ്ഞെടുപ്പിന്റെ അവസാനഘട്ടമായിരുന്ന ഇന്നലെ ലോകത്തിലെ ഏറ്റവും ഉയരത്തിൽ സ്ഥിതി ചെയ്യുന്ന പോളിംഗ് സ്റ്റേഷനായ താഷിഗങ്ങിലെ ലാഹോൾ ആൻഡ് സ്പിറ്റിയിൽ വോട്ട് ചെയ്യാനായി കാത്തിരിക്കുന്നവർ.

മാണ്ഡിയിലെ ബിജെപി സ്ഥാനാർഥിയായ കങ്കണ റാവത്ത് പോളിംഗ് ബൂത്തിൽ വോട്ട് ചെയ്തശേഷം.

കേരള റൈറ്റേഴ്സ് കോൺഫറൻസിന്റെ ചരിത്ര സൂരി അവാർഡ് സഭാതാരം ജോൺ കച്ചിറമറ്റത്തിനു കർദിനാൾ മാർ ജോർജ് ആലഞ്ചേരി സമ്മാനിക്കുന്നു. അഡ്വ. ജേക്കബ് അറയ്ക്കൽ, ഡോ. ചാൾസ് ഡയസ്, പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട്, ദീപിക ചീഫ് എഡിറ്റർ റവ.ഡോ. ജോർജ് കുടിലിൽ, അഡ്വ. ബോബി ജോൺ, റവ.ഡോ. ജോർജ് വർഗീസ് ഞാറക്കുന്നേൽ എന്നിവർ സമീപം. -ദീപിക

ജോൺ കച്ചിറമറ്റം സഭയ്ക്കും സമുദായത്തിനും വേണ്ടി ധീര നിലപാടെടുത്ത വ്യക്തി: കർദിനാൾ മാർ ആലഞ്ചേരി

കോട്ടയം: സഭയ്ക്കും സമുദായത്തിനും വേണ്ടി ധീരമായ നിലപാടുകൾ എടുത്ത വ്യക്തിയാണ് സഭാതാരം ജോൺ കച്ചിറമറ്റമെന്ന് കർദിനാൾ മാർ ജോർജ് ആലഞ്ചേരി. കേരള റൈറ്റേഴ്സ് കോൺഫറൻസിന്റെ ചരിത്ര സൂരി അവാർഡ് ജോൺ കച്ചിറമറ്റത്തിനു സമ്മാനിച്ചു പ്രസംഗിക്കുകയായിരുന്നു മാർ ആലഞ്ചേരി.

എഴുത്തുകാരൻ എന്ന നിലയിൽ പൊതുസമൂഹത്തിൽ സമുദായത്തിന്റെ സംഭാവനകളെ അവതരിപ്പിക്കാൻ ജോൺ കച്ചിറമറ്റത്തിനു കഴിഞ്ഞു. സമുദായ സംഘടനയുടെ നേതൃത്വത്തിൽ നിന്ന് വിവിധ രംഗങ്ങളിൽ ഇടപെടലുകൾ നടത്തി. മറന്നു പോകാമായിരുന്ന പലരെയും അദ്ദേഹം പൊതുസമൂഹത്തിൽ ഓർമിപ്പിച്ചു. അദ്ദേഹത്തിന്റെ ഇടപെടലുകൾ ക്രൈസ്തവ സമുദായത്തിന് വലിയ ദിശാബോധം നൽകിയിരുന്നതായും മാർ ജോർജ് ആലഞ്ചേരി അനുസ്മരിച്ചു.

പാലാ ബിഷപ് മാർ ജോസഫ് കല്ലറങ്ങാട്ട് അധ്യക്ഷത വഹിച്ചു. ദീപിക ചീഫ് എഡിറ്റർ റവ.ഡോ. ജോർജ് കുടിലിൽ, എകെസിസി പാലാ രൂപത ഡയറക്ടർ റവ.ഡോ.ജോർജ് വർഗീസ് ഞാറക്കുന്നേൽ,ഫാ സെബാസ്റ്റ്യൻ കണിയാംപടി, ഡോ. ചാൾസ് ഡയസ്, അഡ്വ. ജേക്കബ് അറയ്ക്കൽ, ബോബി ജോൺ, ആൻസമ്മ സാബു എന്നിവർ പ്രസംഗിച്ചു. ജോൺ കച്ചിറമറ്റം മറുപടി പ്രസംഗം നടത്തി.

കോടതി ഫീസ് വർധന

നിയമ ഭേദഗതിക്കു നടപടി തുടങ്ങി

■ 19 മുതൽ മേഖലതല ഹിയറിംഗ്

തിരുവനന്തപുരം: കോടതി ഫീസ് വർധന നടപ്പാക്കുന്നതിനുള്ള നിയമഭേദഗതി കൊണ്ടുവരുന്നതിനുള്ള നടപടികൾ ആരംഭിച്ചു. കോടതി ഫീസ് പരിഷ്കരണം സംബന്ധിച്ച് പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനായി രൂപീകരിച്ച ജസ്റ്റീസ് വി.കെ. മോഹനൻ (റിട്ടയേർഡ്) സമിതിയാണ് ഇതുസംബന്ധിച്ച നടപടികൾക്കു തുടക്കമിട്ടത്. രണ്ടു പതിറ്റാണ്ടുകളായി ജുഡീഷൽ കോർട്ട് ഫീസ് സ്റ്റാമ്പുകളുടെ നിരക്കുകൾ പരിഷ്കരിച്ചിട്ടില്ലാത്തതിനാൽ അത് വർധിപ്പിക്കാൻ നടപടി സ്വീകരിക്കുമെന്ന് സർക്കാർ ബജറ്റ് പ്രഖ്യാപനം നടത്തിയിരുന്നു. ഇതനുസരിച്ച് മാനനഷ്ടം, സിവിൽ നിയമലംഘനം തുടങ്ങിയ കേസുകൾക്കുള്ള കോടതി ഫീസ്, ക്ലെയിം തുകയുടെ ഒരു ശതമാനമായി നിജപ്പെടുത്തുന്നതിനും മറ്റ് കോടതി വ്യവഹാരങ്ങൾക്ക് ഒരു ശതമാനം അധികമായി കോർട്ട് ഫീസ് ഈടാക്കാനുമാണ് തീരുമാനം. ഇതിനായി 1959 ലെ കേരള കോടതി ഫീസും വ്യവഹാരസലയും നിയമത്തിൽ ഭേദഗതി വരുത്തും. ഭേദഗതികൾ പരിശോധിക്കുന്നതിനും നിർദേശിക്കുന്നതിനുമായാണ് ജസ്റ്റീസ് വി.കെ. മോഹനൻ അധ്യക്ഷനായ സമിതിയെ നിയോഗിച്ചിട്ടുള്ളത്.

കോടതി ഫീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട് പൊതുജനങ്ങളുടെ അഭിപ്രായങ്ങൾ തേടുന്നതിന് മേഖലാ ഹിയറിംഗ് നടത്തുമെന്ന് ജസ്റ്റീസ് വി.കെ. മോഹനൻ പത്രസമ്മേളനത്തിൽ അറിയിച്ചു. മേഖല തിരിച്ചാണ് ഹിയറിംഗ് നടത്തുക. ജൂൺ 19, 20 തീയതികളിൽ ഉത്തരമേഖലയിലെ കണ്ണൂർ, കാസർഗോഡ്, കോഴിക്കോട്, മലപ്പുറം, വയനാട് ജില്ലകളിൽ ഹിയറിംഗ് നടത്തും. കണ്ണൂർ, കോഴിക്കോട് ഗവൺമെന്റ് ഗസ്റ്റ് ഹൗസുകളിലാണ് ഹിയറിംഗ്. രാവിലെ 10 മുതൽ നാലു വരെയാണ് ഹിയറിംഗ്.

ജൂൺ 21ന് മധ്യ മേഖലയിലാണ് (പാലക്കാട്, ഇടുക്കി, കോട്ടയം, എറണാകുളം, തൃശൂർ, ആലപ്പുഴ) ഹിയറിംഗ് നടക്കുക. എറണാകുളം ഗവൺമെന്റ് ഗസ്റ്റ് ഹൗസിൽ രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെയാകും ഹിയറിംഗ് നടക്കുക. ജൂൺ 22ന് ആണ് ദക്ഷിണ മേഖലയിലെ (തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട) ഹിയറിംഗ്. രാവിലെ 10 മുതൽ വൈകുന്നേരം അഞ്ചു വരെ തിരുവനന്തപുരം ഗവൺമെന്റ് ഗസ്റ്റ് ഹൗസിലാണ് ഹിയറിംഗ് നടക്കുക.

കോർട്ട് ഫീസ് പരിഷ്കരണവുമായി ബന്ധപ്പെട്ട 125 സ്റ്റോക്ക് ഹോൾഡേഴ്സിന്റെ അഭിപ്രായങ്ങൾ മെയ് 31 നകം അറിയിക്കണമെന്നും അറിയിച്ചിരുന്നു. സമിതി യോഗ തീരുമാന പ്രകാരം ഫീസ് വർധനയുമായി ബന്ധപെട്ട ഇടക്കാല റിപ്പോർട്ട് ജനുവരി 24 ന് സമർപ്പിച്ചതായും അന്തിമ റിപ്പോർട്ടിനുള്ള നടപടിക്രമങ്ങൾ പൂർത്തിയായി വരുന്നതായും വി.കെ. മോഹനൻ അറിയിച്ചു.

ക്ഷേത്രങ്ങളിൽ അരളിപ്പൂവ്: പരാതിയിൽ തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി

കൊച്ചി: പൂജ ആവശ്യത്തിനടക്കം ക്ഷേത്രങ്ങളിൽ അരളിപ്പൂവ് ഉപയോഗിക്കുന്നതു നിരോധിക്കണമെന്ന പരാതിയിൽ തീരുമാനമെടുക്കണമെന്ന് ഹൈക്കോടതി. അരളിപ്പൂവ് കഴിച്ചതിനെത്തുടർന്ന് സൂര്യ സുരേന്ദ്രൻ എന്ന യുവതി മരിച്ച സംഭവത്തിനു പിന്നാലെ സർക്കാരിനു നൽകിയ പരാതി തീർപ്പാക്കാനാണ് ചീഫ് ജസ്റ്റീസ് എ.ജെ. ദേശായി, ജസ്റ്റീസ് വി.ജി. അരുൺ എന്നിവരടങ്ങുന്ന ഡിവിഷൻ ബെഞ്ചിന്റെ ഉത്തരവ്.

അരളിപ്പൂവ് ഉപയോഗിക്കുന്നത് നിരോധിക്കണമെന്നാവശ്യപ്പെട്ട് കൊല്ലം സ്വദേശി സി. ഗിരീഷാ ദാസ് നൽകിയ പൊതുതാത്പര്യ ഹർജിയാണ് കോടതി പരിഗണിച്ചത്.

പൂജയിലടക്കം അരളിപ്പൂവ് ഉപയോഗിക്കുന്നത് കേരളത്തിൽ പതിവാണ്. ഇതിനിടെയാണ് യുവതിയുടെ മരണത്തെത്തുടർന്ന് അരളിപ്പൂവ് നിരോധനം ആവശ്യപ്പെട്ട് സർക്കാരിനു നിവേദനം നൽകിയത്. ഇതിൽ നടപടിയില്ലാത്ത സാഹചര്യത്തിലാണു കോടതിയെ സമീപിച്ചത്.

ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ സംസ്ഥാന നേതൃസംഗമം ജലവിഭവ വകുപ്പ് മന്ത്രി റോഷി അഗസ്റ്റിൻ ഉദ്ഘാടനം ചെയ്യുന്നു.

കെഎസ്എഫ്ഇ ഓഫീസേഴ്സ് അസോ. സമ്മേളനം

കൊച്ചി: പണമുറ്റുന്ന സ്രോതസായാണ് കെഎസ്എഫ്ഇയെ സംസ്ഥാന സർക്കാർ കാണുന്നതെന്ന് തിരുവഞ്ചൂർ രാധാകൃഷ്ണൻ എംഎൽഎ. കെഎസ്എഫ്ഇ ഓഫീസേഴ്സ് അസോസിയേഷൻ 24-ാം സംസ്ഥാന സമ്മേളനം എറണാകുളം ടൗൺഹാളിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുയായിരുന്നു അദ്ദേഹം.

കെഎസ്എഫ്ഇ ഒഎ സംസ്ഥാന പ്രസിഡന്റ് ആന്റോ ആന്റണി എംപി അധ്യക്ഷത വഹിച്ചു. സർവീസിൽനിന്നു വിരമിച്ച കെഎസ്എഫ്ഇ ഒഎ സംസ്ഥാന ജനറൽ സെക്രട്ടറി എൻ.എ. മൻസൂറിന് തിരുവഞ്ചൂർ രാധാകൃഷ്ണനും കെ. ബാബു എംഎൽഎയും ചേർന്ന് ഉപഹാരം കൈമാറി.

കെസിവൈഎൽ സംസ്ഥാന നേതൃ ക്യാമ്പ് നടത്തി

ചെറുതോണി: ക്നാനായ കാത്തലിക് യൂത്ത് ലീഗിന്റെ സംസ്ഥാനതല നേതൃസംഗമവും പരിശീലന ക്യാമ്പും പടമുഖം ഫൊറോനയുടെ ആതിഥേയത്വത്തിൽ തടിയമ്പാട് മരിയസദൻ പാസ്റ്ററൽ സെന്ററിൽ നടന്നു. മന്ത്രി റോഷി അഗസ്റ്റിൻ ക്യാമ്പ് ഉദ്ഘാടനം ചെയ്തു.

കെസിവൈഎൽ അതിരൂപത പ്രസിഡന്റ് ജോണീസ് പി. സ്റ്റീഫൻ പാണ്ടിയാംകുന്നേൽ അധ്യക്ഷത വഹിച്ചു. അതിരൂപത വികാരി ജനറാൾ ഫാ. മൈക്കിൾ വെട്ടിക്കാട്ട് അനുഗ്രഹ പ്രഭാഷണം നടത്തി.

ഫാ. ടിനേഷ് പിണർക്കയിൽ, ഫാ. ചാക്കോ വണ്ടൻകുഴിയിൽ, ഫാ. സൈജു പുത്തൻപറമ്പിൽ, അമൽ സണ്ണി, നിതിൻ നന്ദികുന്നേൽ എന്നിവർ പ്രസംഗിച്ചു. ഹൈറേഞ്ച് ദർശൻ പരിപാടിയും സെനറ്റ് സമ്മേളനവും നടത്തി. സംസ്ഥാനത്തെ വിവിധ യൂണിറ്റുകളിൽനിന്നുള്ള 177 ഭാരവാഹികൾ പരിശീലനത്തിൽ പങ്കെടുത്തു.

ജീവാനന്ദം പദ്ധതി സ്റ്റാറ്റ്യൂട്ടറി പെൻഷൻ സംവിധാനം അട്ടിമറിക്കാൻ: അസെറ്റ്

കൊച്ചി: ധൂർത്തും കെടുകാര്യസ്ഥതയും കൊണ്ട് കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലൊടിച്ച സംസ്ഥാനസർക്കാർ ജീവനക്കാരന്റെ ജീവിതം കൊള്ളയടിച്ച് ആനന്ദിക്കാനുള്ള ഗൂഢ പദ്ധതിയുമായി രംഗത്തുവന്നിരിക്കുകയാണെന്ന് അസോസിയേഷൻ ഫോർ സ്റ്റേറ്റ് എംപ്ലോയീസ് ആൻഡ് ടീച്ചേഴ്സ് (അസെറ്റ്) സംസ്ഥാന എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം അഭിപ്രായപ്പെട്ടു. ജീവനക്കാരുടെയും അധ്യാപകരുടെയും സേവനവേതന വ്യവസ്ഥകൾ ഏകപക്ഷീയമായി റദ്ദാക്കുന്ന എൽഡിഎഫ് സർക്കാർ സിവിൽ സർവീസും പൊതുവിദ്യാഭ്യാസവും തകർക്കാനുള്ള ആസൂത്രിത ശ്രമത്തിലാണ്. സംസ്ഥാനത്തെ സാമ്പത്തിക പ്രതിസന്ധിയുടെ പാപഭാരം ജീവനക്കാരുടെ തലയിൽ കെട്ടിവച്ച് തൊഴിലാളിവിരുദ്ധ നയങ്ങൾ അടിച്ചേൽപ്പിക്കാനുള്ള ശ്രമത്തെ എന്തു വിലകൊടുത്തും ചെറുക്കുമെന്നും യോഗം മുന്നറിയിപ്പ് നൽകി.

സംസ്ഥാന ആക്ടിംഗ് ചെയർമാൻ കെ.കെ. ബഷീറിന്റെ അധ്യക്ഷതയിൽ നടന്ന യോഗത്തിൽ കൺവീനർ വൈ. ഇർഷാദ്, കമ്മിറ്റി അംഗങ്ങളായ ബിലാൽ ബാബു, രഹ്ന, അനസ് വളാഞ്ചേരി തുടങ്ങിയവർ പങ്കെടുത്തു.

സാമ്പത്തിക തട്ടിപ്പ്

നാഷണൽ ഇൻഷ്വറൻസ് കമ്പനി ഉദ്യോഗസ്ഥർക്കെതിരേ സിബിഐ അന്വേഷണത്തിന് ഉത്തരവ്

കൊച്ചി: നാഷണൽ ഇൻഷ്വറൻസ് കമ്പനിയിൽ സാമ്പത്തിക തട്ടിപ്പ് നടത്തിയ ഉദ്യോഗസ്ഥർക്കെതിരേ സിബിഐ അന്വേഷണത്തിന് ഹൈക്കോടതി ഉത്തരവിട്ടു. കമ്പനിയുടെ കോട്ടയം ഡിവിഷണൽ മാനേജരും പാലാ ബ്രാഞ്ച് മുൻ മാനേജരുമായ ആർ.എസ്. വിനോദ് കുമാർ, തമിഴ്നാട് മേട്ടുപ്പാളയം ബ്രാഞ്ച് അഡ്മിനിസ്ട്രേറ്റീവ് ഓഫീസറും പാലാ മുൻ അസി. മാനേജരുമായ നീതു മാത്യു എന്നിവർക്കെതിരായ പരാതിയിൽ അന്വേഷണം നടത്താനാണ് ജസ്റ്റീസ് കെ. ബാബുവിന്റെ ഉത്തരവ്.

കോട്ടയം അരുവിത്തുറ സ്വദേശിയും പാലാ മോട്ടോർ ക്ലെയിംസ് ട്രൈബ്യൂണലിൽ നാഷണൽ ഇൻഷ്വറൻസ് കമ്പനിയുടെ അഭിഭാഷകനുമായ ജോയി കെ. മാത്യു നൽകിയ ഹർജിയാണ് കോടതി പരിഗണിച്ചത്.

2019ൽ പലതവണ തന്റെ ഫീസിന്റെ ഇരട്ടി തുക നീതു തന്റെ അക്കൗണ്ടിലേക്ക് ഇട്ടിരുന്നതായി ഹർജിയിൽ പറയുന്നു. പിന്നീട് ബ്രാഞ്ച് മാനേജരെ വിവരം അറിയിച്ചതോടെ തിരിച്ചയക്കാൻ ആവശ്യപ്പെട്ടു. എന്നാൽ, രസീത് ചോദിച്ചപ്പോൾ രണ്ടുപേരും ഒഴിഞ്ഞുമാറി. മറ്റ് കമ്പനിയുടെ അഭിഭാഷകരെ വിളിച്ച് അന്വേഷിച്ചപ്പോൾ അവർക്കും സമാന അനുഭവമുള്ളതായി പറഞ്ഞു. ഇരുവരും ചേർന്ന് ക്രമക്കേട് നടത്തുന്നതാണെന്ന് ബോധ്യമായതിന്റെ അടിസ്ഥാനത്തിൽ നൽകിയ പരാതിയിൽ 2020ൽ ആഭ്യന്തര വിജിലൻസ് വിഭാഗം അന്വേഷണം നടത്തി ക്രമക്കേട് കണ്ടെത്തി നീതുവിനെ സർവീസിൽനിന്ന് സസ്പെൻഡ് ചെയ്തു. പലരുടെയും ക്ലെയിം ഇരുവരും ചേർന്ന് കൈയടക്കിയതായും കണ്ടെത്തി. 15 ലക്ഷത്തിലേറെ രൂപ ഇപ്രകാരം കൈക്കലാക്കി. കമ്പനി ഇടപെട്ട് ചിലർക്ക് പണം തിരിച്ചു നൽകിയ സംഭവവുമുണ്ട്. തങ്ങളുടെ അടക്കം ബാങ്ക് അക്കൗണ്ടുകൾ ഇവർ അവരുടെ തട്ടിപ്പിനായി ദുരുപയോഗം ചെയ്തു. പൊതുജനാവിന് വലിയ നഷ്ടം വരുത്തിവച്ചിട്ടും ഇവർക്കെതിരേ കമ്പനി ഒരു ക്രിമിനൽ നടപടിയും സ്വീകരിച്ചില്ലെന്നും കോടതി ചൂണ്ടിക്കാട്ടി. ആരോപണ വിധേയർ ഗൗരവമുള്ള ക്രിമിനൽ തട്ടിപ്പ് നടത്തിയതായി രേഖകളിൽനിന്ന് വ്യക്തമാണെന്ന് കോടതി ചൂണ്ടിക്കാട്ടി.

ഉള്ളംകാലിൽ സ്വർണം !

സ്വർണംകടത്തിയ യാത്രക്കാരനും വാങ്ങാനെത്തിയ ആളും പിടിയിൽ

മലപ്പുറം: കരിപ്പൂർ വിമാനത്താവളംവഴി സ്വർണം കടത്തിയ യാത്രക്കാരനെയും സ്വർണം വാങ്ങാനെത്തിയ ആളെയും പോലീസ് പിടികൂടി. മലപ്പുറം താനാളൂർ സ്വദേശി നാസർ (36) കാടാമ്പുഴ സ്വദേശി മുഹമ്മദ് മുസ്തഫ(32) എന്നിവരെയാണ് വിമാനത്താവളത്തിന് പുറത്തുവച്ച് പോലീസ് കസ്റ്റഡിയിലെടുത്തത്. നാസറിൽനിന്ന് 442 ഗ്രാം സ്വർണവും പിടിച്ചെടുത്തു.

ഇന്നലെ രാവിലെ 8.30ന് മസ്കറ്റിൽനിന്നുള്ള ഒമാൻ എയർ വിമാനത്തിലാണ് നാസർ കരിപ്പൂരിലെത്തിയത്. കസ്റ്റംസ് പരിശോധനകൾ കഴിഞ്ഞ് വിമാനത്താവളത്തിന് പുറത്തിറങ്ങിയ ഇയാളെ പോലീസ് സംഘം കസ്റ്റഡിയിലെടുക്കുകയായിരുന്നു. മിശ്രിതരൂപത്തിലാക്കിയ സ്വർണം രണ്ട് പായ്ക്കറ്റുകളിലാക്കി ഉള്ളംകാലിനടിയിൽ ബാൻഡ് ഉപയോഗിച്ച് കെട്ടിവച്ചാണ് ഇയാൾ കടത്തിയത്. പിടിച്ചെടുത്ത സ്വർണത്തിന് വിപണിയിൽ 30 ലക്ഷത്തിലധികം രൂപ വിലവരുമെന്നും പോലീസ് പറഞ്ഞു.

സ്വർണം കടത്തിയകേസിൽ പിടിയിലായ നാസർ, പിടിച്ചെടുത്ത സ്വർണം ബാൻഡ് ഉപയോഗിച്ച് കെട്ടിവച്ചനിലയിൽ.

നാസർ കടത്തിക്കൊണ്ടുവന്ന സ്വർണം വാങ്ങാനായാണ് മുഹമ്മദ് മുസ്തഫ വിമാനത്താവളത്തിലെത്തിയത്. ഇയാളെയും പോലീസ് കസ്റ്റഡിയിലെടുക്കുകയായിരുന്നു. പിടിച്ചെടുത്ത സ്വർണം കോടതിയിൽ സമർപ്പിക്കും. തുടർനടപടികൾക്കായി പ്രിവന്റിവ് കസ്റ്റംസിന് വിശദമായ റിപ്പോർട്ട് കൈമാറുമെന്നും പോലീസ് അറിയിച്ചു.

പോലീസ് ജീപ്പ് ഡിവൈഡറിലിടിച്ച് മറിഞ്ഞു

പയ്യോളി: പയ്യോളി എസ്ഐ സഞ്ചരിച്ച ജീപ്പ് ദേശീയപാതയിലെ ഡിവൈഡറിൽ ഇടിച്ച് മറിഞ്ഞു. ഇന്നലെ രാവിലെ പതിനൊന്നരയോടെ അയനിക്കാട്ടായിരുന്നു അപകടം. വാഹനത്തിലുണ്ടായിരുന്ന പയ്യോളി എസ്ഐ അൻവർഷ ഷാ, സീനിയർ സിവിൽ പോലീസ് ഓഫീസർ സുരേഷ് എന്നിവർ നിസാര പരിക്കു